(സി) നിയമവിരുദ്ധമായി അധിക ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും തിരിച്ച് പിടിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ഗ്രന്ഥശാലകൾക്ക് സൗജന്യമായി വൈദ്യുതി

75 (915) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ഗ്രന്ഥശാലകളെ വൈദ്യുതി ഫിക്സഡ് ചാർജിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള താരിഫാണ് ഇപ്പോഴും തുടർന്നുവരുന്നത്.

പേരാമ്പ്ര ശുദ്ധജല വിതരണ പദ്ധതി

76 (916) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പരാമർശിക്കപ്പെട്ട നിവേദനം വൈദ്യുതി ബോർഡിലോ ഊർജ്ജ വകുപ്പിലോ ലഭിച്ചതായി കാണുന്നില്ല.

കൊയിലാണ്ടി പ്രദേശത്തെ വൈദ്യുതി പ്രശ്നം

77 (917) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നോർത്ത് മേജർ സെക്ഷനിൽപ്പെട്ട പ്രദേശങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടിയെടുക്കുമോ ;

(സി) ഇക്കാര്യത്തിൽ 1999-ൽ സർക്കാർ നിയമസഭയിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly